Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

7.11.2016

All Kerala Press Release
*Ref: 556/KCBC/K-6/KPR/DS*

# കെസിവൈഎമ്മിനെ നിയന്ത്രിക്കാൻ തീരുമാനിച്ചെന്ന വാർത്ത അടിസ്ഥാനരഹിതം: കെസിബിസി

കൊച്ചി: കേരളത്തിലെ മൂന്നു കത്തോലിക്കാറീത്തുകളുടെയും പൊതുയുവജനസംഘടനയായ കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെസിവൈഎം) ന്റെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ കെസിബിസി തീരുമാനിച്ചതായും, ഇതിനായി സംഘടനാതലത്തിൽ അഴിച്ചുപണി നടത്തിയതായും മംഗളം ദിനപത്രത്തിൽ വന്ന വാർത്ത (നവംബർ 7 മംഗളം പേജ് 4) അടിസ്ഥാനരഹിതവും തെറ്റിധാരണാജനകവുമാണ്.

കെസിവൈഎം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് കെസിബിസി പ്രത്യേകം തീരുമാനമെടുത്തിട്ടില്ല. അത്തരം ഒരു തീരുമാനം എടുക്കേണ്ട സാഹചര്യം നിലവിലില്ല. പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനോ, സഭയുടെ പൊതുവിഷയങ്ങളിലും സഭയും സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും സമൂഹത്തെ പൊതുവായി ബാധിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ -സാംസ്കാരിക വിഷയങ്ങളിലും പൊതുനിലപാടു സ്വീകരിക്കുന്നതിനോ സംഘടനയ്ക്ക് പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഇത്തരം വിഷയങ്ങളിൽ സഭാനേതൃത്വവുമായി ആലോചിച്ച് തീരുമാനമെടുക്കുന്ന രീതിയാണ് മുമ്പും ഉണ്ടായിരുന്നത്. സംഘടനയ്ക്കുള്ളിൽ കക്ഷിരാഷ്ട്രീയം മുമ്പും അനുവദിച്ചിരുന്നില്ല.

കേരളത്തിലെ മൂന്നു റീത്തുകളുടെയും പൊതുയുവജനസംഘടനയായി കെസിവൈഎം തുടർന്നും പ്രവർത്തിക്കും. പൊതുവിഷയങ്ങളിൽ കെസിവൈഎം തുടർന്നും നിലപാടുകൾ സ്വീകരിക്കും. ഓരോ വ്യക്തിഗത സഭയുടെയും പേര് സംഘടനയോടു ചേർത്ത് ഉപയോഗിക്കാൻ ഓരോ റീത്തിനും സ്വാതന്ത്ര്യമുണ്ട്. ഇത് കെസിവൈഎം-ന്റെ പ്രവർത്തനങ്ങൾക്ക് കോട്ടമുണ്ടാക്കും എന്നു കരുതേണ്ടതില്ല. വ്യക്തിഗതസഭകൾ പൊതുസഭാസംവിധാനങ്ങളെ ദുർബലപ്പെടുത്തുകയല്ല, കൂടുതൽ കാര്യക്ഷമമാക്കുകയാണ് ചെയ്യുന്നത്. വൈവിധ്യങ്ങളെ നിഷേധിച്ചുകൊണ്ടുള്ള ഐക്യമല്ല സഭ വിഭാവനം ചെയ്യുന്നത്. വൈവിധ്യങ്ങളെ സംരക്ഷിക്കുന്ന ഐക്യമാണ് ഏകത്വത്തെ സംബന്ധിക്കുന്ന സഭാദർശനം. സമകാലീന സാഹചര്യങ്ങളിൽ ഈ ദർശനത്തിന്റെ പ്രസക്തി വലുതാണ്. ഇതു മനസ്സിലാക്കാതെയുള്ള വിമർശനങ്ങൾ പ്രയോജനരഹിതവും തെറ്റിധാരണാജനകവുമാണ്.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**സിജോ ഡൊമിനിക്**
പ്രസിഡന്റ്, കെസിവൈഎം

**ഫാ. മാത്യു തിരുവാലിൽ**
സംസ്ഥാന ഡയറക്ടർ,
കെസിവൈഎം.

PRESIDENT
CARDINAL BASELIOS CLEEMIS

VICE-PRESIDENT
MAR JOSEPH PERUMTHOTTAM

SECRETARY GENERAL
BISHOP JOSEPH KARIYIL

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT